## ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം.

(ഹാജർ : എ.ഷാജഹാൻ. ഐ.എ.എസ്)

വിഷയം:- ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രൊമോഷൻ 9(a)(1) of Part II General Rules of KS & SSR നൽകിയത് KS & SSR Part II 31(a)(1) പ്രകാരമുള്ള താൽക്കാലിക പ്രൊമോഷനാണ് എന്ന തരത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

പരാമർശം:- 1. ഈ ഓഫീസിലെ 05/06/2010-ലെ എസ്റ്റാ.ബി1/13868/10/സി.ആർ.ഡി നമ്പർ നടപടിക്രമം.
2. 02.02.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 288/2017/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

---

**ഉത്തരവ് നം.6870/എസ്റ്റാ.ബി1/15/സി.ആർ.ഡി തീയതി : 22-02-2017**

---

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ മേൽസൂചന (1) പ്രകാരം 46 (നാൽപ്പത്തിയാറ്) ജോയിന്റ് ബിഡിഒ മാർക്ക് പ്രൊമോഷൻ നൽകിയിരുന്നു. ഇപ്രകാരം താൽക്കാലിക പ്രൊമോഷൻ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് വാർഷിക ഇൻക്രിമെന്റ് നൽകുന്നതിന് മേൽ സൂചന (2) പ്രകാരം സർക്കാരിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവ് ലഭ്യമായിട്ടുണ്ട്. സൂചന (2) പ്രകാരമുള്ള ടി ഉത്തരവിൽ, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയിൽ പ്രൊമോഷൻ നൽകികൊണ്ടുള്ള നടപടിക്രമം KS & SSR Part II 31(a)(1) പ്രകാരമുള്ള Temporary promotion ആണ് എന്ന തരത്തിൽ 05.06.2010 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഗ്രാമവികസന കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ സൂചന (1) പ്രകാരം 46 ജോയിന്റ് ബിഡിഒ മാർക്ക്, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകികൊണ്ടുള്ള ഉത്തരവ് KS & SSR Part II 31(a)(1) പ്രകാരമുള്ള Temporary promotion എന്ന് 05.06.2010 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

പകർപ്പ്:-
1. അക്കൗണ്ടന്റ് ജനറൽ, തൃശ്ശൂർ(ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്.
3. ബന്ധപ്പെട്ട അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്ക്.
4. സെക്രട്ടറി, ഗവൺമെന്റ് (ഇആർഎ), സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
5. കരുതൽ ഫയൽ/ഓഫീസ്കോപ്പി.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

എസ്.എസ് 7.3.2017